## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1032** **21/03/2013-ൽ മറുപടിക്ക്**

**നെന്മാറ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നെന്മാറ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം എത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;<br><br>(ബി) ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;<br><br>(സി) അടുത്ത അദ്ധ്യയന വർഷം മുതൽ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | **(എ), (ബി) & (സി)**<br><br>കേരള സർക്കാരിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ നെന്മാറ നിയോജക മണ്ഡലത്തെക്കൂടി ഉൾപ്പെടുത്തി സ.ഉ(സാധാ) നം. 4892/2012/പൊ.വി.വ തീയതി 10/10/2012 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെന്മാറ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ആശയ രൂപീകരണ ശില്പശാല സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടന്നു കഴിഞ്ഞു. പ്രോജക്റ്റ് തയ്യാറാക്കി കഴിഞ്ഞാൽ പദ്ധതി തുടങ്ങാവുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ